പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 459 — 22.07.2015-ൽ മറുപടിക്ക്

## പ്രധാന ബസ്സ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>" പി.എ. മാധവൻ :<br>" ടി.എൻ. പ്രതാപൻ :<br>" വി.പി. സജീന്ദ്രൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രധാന ബസ്സ് സ്റ്റേഷനുകളോടനുബന്ധിച്ച് വ്യാപാര സമുച്ചയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക ശേഷി കഴിയുന്നത്ര കൂട്ടുക എന്നതാണ് ഉദ്ദേശിക്കുന്നത്.<br>കെ.എസ്.ആർ.ടി.സി.യും കെ.റ്റി.ഡി.എഫ്.സി.യും ചേർന്നുള്ള സംരംഭങ്ങളിൽ ബി.ഒ.റ്റി കാലയളവിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതുവഴി ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ചുള്ളതുകയുടെ 50% കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്നതാണ്. ബി.ഒ.റ്റി കാലാവധി കഴിഞ്ഞാൽ പദ്ധതി പൂർണ്ണമായും കെ.എസ്.ആർ.ടി.സി.ക്ക് കൈമാറുന്നതാണ്. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് : | (സി) | തിരുവനന്തപുരം തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി.യുമായി ചേർന്ന് ബി.ഒ.ടി അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇതു കൂടാതെ മറ്റു സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി നേരിട്ട് പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (ഡി) | G.O (Ms) No. 46/07/Tran dated 05.11.2007, G.O (Ms) No. 5/2010/Tran dated 23.01.2010 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് കെ.റ്റി.ഡി.എഫ്.സി ബസ് ടെർമിനൽ പ്രോജക്ടുകൾ ബി.ഒ.റ്റി അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ളത്.<br>കെ.എസ്.ആർ.ടി.സി നേരിട്ട് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് പ്രാരംഭ പ്രവൃർത്തികൾക്കായി പ്ലാൻ ഫണ്ടിൽ ലഭ്യമാകുന്ന ഒരു നിശ്ചിത തുക വകയിരുത്തുകയും ഓരോ പ്രോജക്ടിലും ബാക്കി തുക സമാഹരിക്കുന്നതിനായി വ്യാപാരാവശ്യത്തിന് സ്ഥലം വേണമെന്നുള്ളവരിൽ നിന്നും ടെൻഡർ / ലേലം നടപടികൾ നടത്തി പലിശരഹിത നിക്ഷേപം സ്വീകരിച്ച് പദ്ധതി നിർവ്വഹണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ